നമ്പർ F4-18849/15.

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി : 22-08-2015.

## സർക്കുലർ

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ജില്ലാ കളക്ടർമാരുടെയും വകുപ്പ് അദ്ധ്യക്ഷൻമാരുടെയും വാർഷിക സമ്മേളനത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ സംബന്ധിച്ച്.

സൂചന :- സർക്കാറിന്റെ 25722/Cdn3/15/GAD നമ്പർ കത്ത്.

ജില്ലാ കളക്ടർമാരുടെയും, വകുപ്പദ്ധ്യക്ഷൻമാരുടെയും വാർഷിക സമ്മേളനം സെപ്റ്റംബർ 10 മുതൽ 11 വരെ നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സമ്മേളനത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ഉണ്ടെങ്കിൽ, ആയത് സർക്കാരിനെ അറിയിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, വകുപ്പുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ എന്തെങ്കിലും ചർച്ച ചെയ്യാനുണ്ടെങ്കിൽ എല്ലാ കീഴ്കാര്യാലയ മേധാവികളും വ്യക്തമായ കുറിപ്പ് തയ്യാറാക്കി അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് **26.08.2015 നകം** നൽകേണ്ടതാണ്. ജില്ലാ ഓഫീസർമാർ ലഭ്യമാകുന്ന കുറിപ്പുകൾ ക്രോഡീകരിച്ച് **സെപ്തംബർ 1 നകം** e-mail മുഖാന്തിരം അറിയിക്കേണ്ടതാണ്. ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉണ്ടെങ്കിൽ ആയത് റിപ്പോർട്ടിൽ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണ്. RAD മാർക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും വിഷയങ്ങൾ നൽകാനുണ്ടെങ്കിൽ ആയത് നേരിട്ട് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി**

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

പകർപ്പ്:-

1. എല്ലാ RAD മാർക്കും
2. എല്ലാ പ്രൊബേഷൻ ഓഫീസർമാർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4. എല്ലാ വുമൺ പ്രൊട്ടക്ഷൻ ഓഫീസർമാർ
5. എല്ലാ സ്ഥാപന സൂപ്രണ്ടുമാർ

PL